# ഖുർആനിലെ ഭൗതിക ദൃഷ്ടാന്തങ്ങൾ



''എന്നാൽ മനുഷ്യൻ തന്റെ ഭക്ഷണത്തെക്കുറിച്ച്ഒന്ന്ചിന്തിച്ചുനോക്കട്ടെ. നാം ശക്തിയിൽ മഴവെള്ളം ചൊരിഞ്ഞുകൊടുത്തു. പിന്നീട് നാം ഭൂമിയെ പിളർത്തി. എന്നിട്ടതിൽ ധാന്യവും മുന്തിരിയും പച്ചക്കറികളും ഒലിവും ഈന്തപ്പനയും ഇടതൂർന്നുനിൽക്കുന്ന തോട്ടങ്ങളും പഴവർഗങ്ങളും പുല്ലും നാംമുളപ്പിച്ചു.നിങ്ങൾക്കുംനിങ്ങളുടെ കന്നുകാലികൾക്കും വിഭവങ്ങളായിട്ട്.''

ഖുർആൻ 80: 24-32)

## കൃഷി

സൂര്യതാപത്താൽ ഭൂമിയിലെ ജലം നീരാവിയായി മേലോട്ടുയർന്നുപോകുന്നു. പിന്നീടത് കാർമേഘങ്ങളായി വീണ്ടും ഭൂമിയുടെ വിവിധ ഭാഗങ്ങളിൽ വർഷിക്കുന്നു. ഇതാണ് ഭൂമിയിൽ വളരുന്ന സസ്യജാലങ്ങളുടെ പ്രധാന ആഹാരം.

ഒരേ മഴ വെള്ളം മുഖേന ആയിരക്കണക്കിന് വരുന്ന വ്യത്യസ്ത സസ്യവിഭവങ്ങൾ മുളച്ചുവരുന്നതെങ്ങനെയാണ്? ആരാണ് അതിനു പിന്നിൽ പ്രവർത്തിക്കുന്നത്?

മനുഷ്യനെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും വിധത്തിൽ വിത്ത് മണ്ണിൽ നടുക മാത്രമേ ചെയ്യുന്നുള്ളു. പ്രസ്തുത വിത്തിൽനിന്ന് അതേ ഇനത്തിൽ പെട്ട കൃഷി തന്നെ വളർത്തിക്കൊണ്ടുവരുന്നതിനുള്ള കഴിവുകളൊന്നും അവന്റെ വശമില്ല. ഒരേ ഇനം വിത്തിൽനിന്ന് അതേ ഇനം സസ്യം തന്നെ വളരുകയെന്ന സവിശേഷഗുണം ദൈവമാണ്ആ വിത്തിൽ നിക്ഷേപിച്ചത്. പ്രസ്തുത കൃഷിക്കനുയോജ്യമായ രീതിയിൽ അന്തരീക്ഷത്തെയും മഴവെള്ളത്തിലെ പ്രത്യേക പോഷകത്തെയും മാറ്റിയെടുക്കുന്നതും ദൈവം തന്നെയാകുന്നു. ഇതൊന്നും അവനല്ലാത്ത മറ്റാരുടെയും കഴിവിൽ പെട്ടതല്ല.

ഒരേ ഇനം വെള്ളം. അനേകം തരം കൃഷി വിഭവങ്ങൾ. ഇതിനു പിന്നിലെ പ്രവർത്തിക്കുന്ന പ്രകൃതിപ്രതിഭാസം നമ്മിൽനിന്ന് അജ്ഞാതമായ ഒരിടത്തല്ല സ്ഥിതി ചെയ്യുന്നത്. ഒരു ദൃഷ്ടാന്തമെന്ന നിലക്ക് അവനത് നമുക്ക് ചുറ്റും തന്നെയാണ് സംവിധാനിച്ചത്.

ഈ സംവിധാനം ശാസ്ത്രം ഇന്ന് കണ്ടുപിടിച്ചിട്ടുണ്ട്. ക്ലോറൊപ്ലാസ് എന്നറിയപ്പെടുന്ന സ്തരനിർമിതാവയവങ്ങൾ സസ്യങ്ങളിൽ ധാരാളംഅടങ്ങിയിട്ടുണ്ട്. പത്രഹരിതക കണികകൾ ക്ലോറൊപ്ലാസിലാണ് സ്ഥിതി ചെയ്യുന്നത്.

സൂര്യപ്രകാശത്തിൽനിന്ന് സസ്യങ്ങൾക്കാവശ്യമായ ആഹാരം നിർമിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് ഇവയാണ്. ഗൂര്യപ്രകാശ ത്തിൽനിന്ന് ഊർജം വലിച്ചെടുത്തു, വേരുകൾ വലിച്ചെടുക്കുന്ന ജലവും അന്തരീക്ഷത്തിലെ കാർബൺഡൈക്സൈഡും ചേർത്ത് സ്റ്റാർച്ച് നിർമിക്കുന്നത് ഇവിടെ വെച്ചാണ്. ലോകത്തിനാവശ്യമായ മുഴുവൻ വിവിധയിനം സസ്യാഹാരവും പാകം ചെയ്യപ്പെടുന്നത് ഈ രീതിയിലൂടെയാണ്. ഓരോ ഇനം സസ്യത്തിലും അടങ്ങിയ വ്യത്യസ്ത ജീനുകളാണ് ഒരേ ഇനം ജലത്തിൽനിന്ന് അതേ ഇനം സസ്യം മുളച്ചുവരാൻ നിമിത്തമാകുന്നത്.

എല്ലാതരം സസ്യങ്ങളുടെയും അടിസ്ഥാന മൂലകങ്ങൾ ഒന്നാണ്. അക്കാര്യത്തിൽ അവ തമ്മിലുള്ള വ്യത്യാസം എത്രയെന്ന് വ്യവസ്ഥ ചെയ്തത് സ്രഷ്ടാവാണ്. എന്നാൽ അവ ഭിന്നങ്ങളാകുന്നത് അവയുൾക്കൊള്ളുന്ന ജീനുകളിലോ മറ്റു ഘടകങ്ങളിലോ വരുന്ന മാറ്റമാണ്. ഏതെങ്കിലും ഒരു സസ്യത്തിനു മാത്രം കൂടുതൽ വളരാനുള്ള ഭൗതിക സാഹചര്യം ദൈവം ഇവിടെ ചെയ്തുവെച്ചിട്ടില്ല. അങ്ങനെയായിരുന്ന കര്യമെങ്കിൽ ഇവിടെ മനുഷ്യർക്കോ കാലികൾക്കോ ജീവിക്കാനാകുമായിരുന്നില്ല.

വിത്ത് ഏതിനമായാലും ഏത് മണ്ണിലായാലും അതിൽനിന്ന് നിശ്ചിത ഇനത്തിൽ പെട്ട കൃഷി/ചെടിയെ വളർത്തിക്കൊണ്ടുവരുന്നതിൽ വിത്ത് നടുന്നവനെന്നല്ല മറ്റാർക്കും ഒട്ടും പങ്കില്ല. ഏകദൈവമാണതിനെ ചെടിയായി സംവിധാനിച്ചു വളർത്തിക്കൊണ്ട് വരുന്നതും ഭക്ഷണത്തിനു യോഗ്യമാക്കുന്നതും. അതിനാൽ അവൻ ഇങ്ങനെ ചോദിച്ചു:

‘‘നിങ്ങൾ ആലോചിച്ചിട്ടില്ലയോ, നിങ്ങൾ വിതക്കുന്ന വിത്ത്, അതിൽനിന്ന് വിള മുളപ്പിക്കുന്നത് നിങ്ങളാണോ അതല്ല നാമാണോ മുളപ്പിക്കുന്നവൻ?’’ അതിനാവശ്യമായ പ്രാപഞ്ചിക സംവിധാനത്തെ സംതുലിതാവസ്ഥയിൽ ഒരുക്കുവാനും നിയന്ത്രിക്കുവാനും ഏക ദൈവത്തിനല്ലാതെ സാധിക്കുകയില്ല.

---

**അബ്ദുൽ ജലീൽ താഴശ്ശേരി**
info@vazhi.org - jthrees@hotmail.com